**<u>15 -ാം കേരള നിയമസഭ</u>**

**<u>14 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2911</u>** **<u>07-10-2025 - ൽ മറുപടിയ്ക്ക്</u>**

**<u>സാങ്കേതിക ബിരുദധാരികളെ അക്രഡിറ്റഡ് എഞ്ചിനീയർമാരായുള്ള നിയമനം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **ശ്രീ ഒ . ആർ. കേളു (പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സാങ്കേതിക ബിരുദധാരികളെ അക്രഡിറ്റഡ് എഞ്ചിനീയർമാരായി വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിയമിക്കുന്നതിന്റെ ഭാഗമായി എത്രപേർക്ക് നിയമനം നൽകാൻ സാധിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ? | (എ) | പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കി വരുന്ന TRACE പദ്ധതിയുടെ ഭാഗമായി അക്രഡിറ്റഡ് എൻജിനീയർ/ഓവർസീയർ പരിശീലന പദ്ധതി നടപ്പിലാക്കി വരുന്നു. ടി പദ്ധതി പ്രകാരം സിവിൽ എൻജിനീയറിംഗിൽ B.Tech / M.Tech ബിരുദ യോഗ്യതയുള്ളവരിൽ നിന്നും 150 അക്രഡിറ്റഡ് എൻജിനീയർമാരെയും Diploma/ITI യോഗ്യതയുള്ളവരിൽ നിന്നും 150 ഓവർസീയർമാരെയും തിരഞ്ഞെടുക്കുന്നു. പട്ടികജാതി വിഭാഗത്തിൽ നിന്നും ഇപ്രകാരം തിരഞ്ഞെടുക്കുന്ന 300 യുവതീ യുവാക്കൾക്ക് ഗ്രാമപഞ്ചായത്ത് ഓഫീസുകൾ, ബ്ലോക്ക്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസുകൾ, ജില്ലാ പട്ടികജാതി വികസന ഓഫീസുകൾ, വകുപ്പ് ഡയറക്ടറേറ്റ് എന്നിവിടങ്ങളിൽ പരിശീലനത്തിന് അവസരം നൽകുന്നു. പരിശീലനാർത്ഥികളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം - I ആയി ചേർക്കുന്നു.<br><br>പട്ടികവർഗ്ഗ വികസന വകുപ്പിൽ അനുവദനീയമായ 200 അക്രഡിറ്റഡ് എഞ്ചിനീയർ / ഓവർസിയർ തസ്തികകളിൽ വകുപ്പിന്റെ വിവിധ സ്ഥാപനങ്ങളിലും, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലുമായി 172 പേർ നിലവിൽ ജോലി ചെയ്തു വരുന്നുണ്ട്. ആയതിൽ ബി.ടെക് ബിരുദധാരികളായ 2 അക്രഡിറ്റഡ് എഞ്ചിനീയർമാർ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ സേവനമനുഷ്ഠിച്ചു വരുന്നുണ്ട്.<br><br>മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നിയമനം നൽകിയിട്ടുള്ള പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട അക്രഡിറ്റഡ് എഞ്ചിനീയർമാരുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ **അനുബന്ധം - II** ആയി ചേർക്കുന്നു. |

| | | | |
|---|---|---|---|
| | | | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സാങ്കേതിക ബിരുദധാരികളെ അക്രഡിറ്റഡ് എഞ്ചിനീയർമാരായി നിയമിക്കുന്ന പദ്ധതിപ്രകാരം, കേരള സ്റ്റേറ്റ് റൂറൽ റോഡ് ഡെവലപ്പ്മെന്റ് ഏജൻസിയിലും, ജില്ലകളിലെ പോഗ്രാം ഇംപ്ലിമെന്റേഷൻ യൂണിറ്റുകളിലും നാളിതുവരെ അക്രഡിറ്റഡ് എഞ്ചിനീയർമാരെ നിയമിച്ചിട്ടില്ല. പത്രപരസ്യം നൽകി ഇന്റർവ്യൂ മുഖേനയാണ് ജില്ലകളിലെ പ്രോഗ്രാം ഇംപ്ലിമെന്റേഷൻ യൂണിറ്റുകളിൽ അക്രഡിറ്റഡ് എഞ്ചിനീയർമാരുടെ നിയമനം നടത്തി വരുന്നത്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം - I

| ക്രമ നം. | ജില്ല | പരിശീലനാർത്ഥികളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 25 |
| 2 | കൊല്ലം | 23 |
| 3 | പത്തനംതിട്ട | 14 |
| 4 | ആലപ്പുഴ | 20 |
| 5 | കോട്ടയം | 22 |
| 6 | ഇടുക്കി | 16 |
| 7 | എറണാകുളം | 31 |
| 8 | തൃശ്ശൂർ | 29 |
| 9 | പാലക്കാട് | 23 |
| 10 | മലപ്പുറം | 31 |
| 11 | കോഴിക്കോട് | 23 |
| 12 | വയനാട് | 9 |
| 13 | കണ്ണൂർ | 23 |
| 14 | കാസർഗോഡ് | 11 |
| ആകെ | | 300 |

# അനുബന്ധം - II

| ക്രമ നം. | ജില്ല | സംവരണ തത്വം (SC/ST) പാലിച്ച് നിയമിച്ചിട്ടുള്ള അക്രഡിറ്റഡ് എഞ്ചിനീയർമാരുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 5 |
| 2 | കൊല്ലം | 3 |
| 3 | പത്തനംതിട്ട | 0 |
| 4 | ആലപ്പുഴ | 2 |
| 5 | കോട്ടയം | 5 |
| 6 | ഇടുക്കി | 5 |
| 7 | എറണാകുളം | 0 |
| 8 | തൃശ്ശൂർ | 4 |
| 9 | പാലക്കാട് | 0 |
| 10 | മലപ്പുറം | 7 |
| 11 | കോഴിക്കോട് | 2 |
| 12 | വയനാട് | 5 |
| 13 | കണ്ണൂർ | 1 |
| 14 | കാസർഗോഡ് | 1 |
| ആകെ | | 40 |